**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2074** **09-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ് .ആർ.ടി.സി. വസ്തുവകകൾ ലീസ്-വാടകയ്ക്ക് നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ് .ആർ.ടി.സി.യുടെ പക്കൽ ഉള്ള പുതിയ ടയറുകൾ കെ.സ്വിഫ്റ്റിന് നൽകുന്നുണ്ടോ; എങ്കിൽ ആരുടെ ഉത്തരവുപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്,<br><br>കെ.എസ്.ആർ.ടി.സിയും, കെ.എസ്.ആർ.ടി.സി.-സിഫ്റ്റുമായുള്ള കരാർ പ്രകാരമാണ്. |
| (ബി) | കെ.എസ് .ആർ.ടി.സി. - യുടെ ഏതെങ്കിലും വസ്തുവകകൾ ലീസ് വ്യവസ്ഥയിൽ മറ്റേതെങ്കിലും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമാണെന്നും എത്ര വർഷത്തേക്കാണ് നൽകിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യും, കെ.എസ്.ആർ.ടി.സി.-സിഫ്റ്റുമായുള്ള കരാർ പ്രകാരമാണ്. കോർപറേഷനുമായി 30 വർഷത്തേക്കും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നീ കമ്പനികളുമായി ആദ്യം 20 വർഷത്തേക്കും പിന്നീട് പരസ്പര ധാരണപ്രകാരം അടുത്ത 10 വർഷത്തേക്കു കൂടി നീട്ടാവുന്ന വ്യവസ്ഥയിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. ആകെ എത്ര സ്ക്വയർ ഫീറ്റ് വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും പ്രതിമാസം ഒരു സ്ക്വയർ ഫീറ്റിന്റെ വാടക എത്രയെന്നും വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റേഷനുകളിലെ കെട്ടിടങ്ങൾ ലേലം / ടെണ്ടർ നടപടിയിലൂടെ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ അനുവദിക്കുന്നുണ്ട്. കൂടാതെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം ലേലം / ടെണ്ടർ നടപടിയിലൂടെ കണ്ടെത്തുന്ന ലൈസൻസി താൽക്കാലിക കെട്ടിടം കെട്ടി കച്ചവടം നടത്തി വരുന്നു. ഇപ്രകാരം അനുവദിച്ചിട്ടുള്ള ആകെ സ്ഥലം 169433 ചതുരശ്ര അടിയാണ്. പ്രതിമാസം ചതുരശ്ര അടിയ്ക്ക് ശരാശരി 46.78/- രൂപ ലഭിച്ചു വരുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി.ആകെ എത്ര സ്ക്വയർഫീറ്റ് ലീസിന് നൽകിയിട്ടുണ്ട് എത്ര രൂപ സ്ക്വയർഫീറ്റിന് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി. കെട്ടിടങ്ങൾ ലീസിന് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ